പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1213.

12.06.2014 ൽ മറുപടിക്ക്

**പൊതുവിതരണ സമ്പ്രദായത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണിഹാജി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻകടകൾ വഴി വിൽക്കാനുള്ള സാധനങ്ങൾ മറിച്ചുവിൽക്കുന്നതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) റേഷൻകടകൾ വഴി വിൽക്കാനുള്ള സാധനങ്ങൾ മറിച്ചുവിൽക്കുന്നതു തടയുന്നതിനായി സംസ്ഥാനത്തെ റേഷൻ മൊത്ത, ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിതമാക്കുകയും ഇതിനായി സംസ്ഥാനതലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും, ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും, താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും റേഷനിംഗ് ഇൻസ്പെക്ടർമാർ പരിശോധനനടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശനനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക്പരിധി നിശ്ചയിച്ച് നടപ്പാക്കിവരികയും ചെയ്യുന്നു. കൂടാതെ എഫ്.സി.ഐ.യിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കളിലേയ്ക്കുള്ള നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയുള്ള എസ്.എം.എസ് അലർട്ട് സംവിധാനമായ എഫ്.എം.പി.ഡി.എസ്. (ഫുഡ് ഗ്രൈൻ മൂവ്മെന്റ് ഫോർ ഇഫക്ടീവ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് ഭക്ഷ്യസാധനങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുമ്പോൾതന്നെ എസ്.എം.എസ് വഴി ഇനം, വിട്ടെടുത്ത തീയതിയും സമയവും, ട്രക്ക്നമ്പർ തുടങ്ങിയവ ലഭിക്കുന്നു. എഫ്.സി.ഐ.യിൽ നിന്നും |

റേഷൻ സാധനങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും റേഷൻ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കുകയും ചെയ്യുന്നു. ഇവയെല്ലാം തന്നെ റേഷൻ സാധനങ്ങളുടെ കടത്ത് തടയുന്നതിന് സഹായിക്കുന്നു.

(ബി) നിർദ്ദിഷ്ട സാധനങ്ങൾ കാർഡുടമകൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) നിർദ്ദിഷ്ട സാധനങ്ങൾ കാർഡുടമകൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി താലൂക്ക് സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ റേഷൻ കാർഡുകൾ പരിശോധിച്ച് കൃത്രിമം നടക്കുന്ന കേസുകളിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ ലഭ്യത, വില എന്നിവ പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ഇത് സംബന്ധിച്ച നോട്ടീസ് റേഷൻകടകളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഉപഭോക്താവിന്റെ പരാതികളും നിർദ്ദേശങ്ങളും 1800-425-1550, 1967 എന്നീ ടോൾ ഫ്രീ നമ്പരുകളിലോ, ബന്ധപ്പെട്ട താലൂക്ക്/ജില്ലാ സപ്ലൈ ഓഫീസുകളിലോ, സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിലോ അറിയിക്കുന്നതിനും പരാതി പരിഹരിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതോടെ നിർദ്ദിഷ്ട സാധനങ്ങൾ കാർഡുടമകൾക്ക്തന്നെ ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയും.

(സി) കാർഡുടമകൾക്ക് ഏതു റേഷൻ കടയിൽനിന്നും സാധനങ്ങൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

(സി) സംസ്ഥാനത്ത് എഫ്.സി.ഐ മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് റേഷൻകടകൾക്ക് പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനാൽ ഗുണഭോക്താക്കൾക്ക് കേരളത്തിലെ ഏത് റേഷൻ കടയിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ലഭ്യമാകും.

സെക്ഷൻ ഓഫീസർ